# ദാബ്ബത്തുൽ അർള് പുറപ്പെട്ടു!!!

മൗലവി മുഹമ്മദ് അബുൽ വഫാ

Scanned with CamScanner

M. P. IBRAHIM

# 'ദാബ്ബത്തുൽ അർള്' പുറപ്പെട്ടു !!

മൗലവി മുഹമ്മദ് അബുൽവഫാ
സീനിയർ മുബല്ലിഗ്, അഹ്മദിയ്യാ ജമാഅത്ത്

പ്രസിദ്ധീകരണം

മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി, കണ്ണൂർ

Scanned with CamScanner

(Malayalam)
**Dambathul Arlu Purappettu !!**
(A detailed explanation of a Prophecy by Holy Prophet MUHAMMED MUSTAFA (S.A)

Written by
**Molvi MOHAMMED ABUL WAFA**
Sr. Muballigue, Ahmadiyya Jamath, Kerala.

First Published : February 1998.

Typeset : Codapscan, Knr-2, Ph: 504021.
Printed at BRB Offset Printers, Knr-6. Ph: 508361.

Published by:
Majlis Ansarullah Samsthana Samithi,
Office :- Ahmadiyya Complex,
Ahmadiyya Jamath,
Kannur - 670 001.

Price Rs. 10.00/-

Ansar/2/2000/98.

Scanned with CamScanner

M. P. IBRAHIM.

# പ്രസ്താവന

റസൂൽ(സ) അരുൾ ചെയ്യുകയുണ്ടായി.

"ഹിജാസ് ഭൂമിയിൽനിന്ന് ഒരഗ്നി പുറപ്പെടുന്നതുവരെ ലോകാവസാനമുണ്ടാവുകയില്ല." (ബുഖാരി-മുസ്ലിം).

ലോകമവസാനിച്ചിട്ടില്ല. അവസാനത്തിൻെറ ലക്ഷണങ്ങളെമ്പാടും കണ്ടുകഴിഞ്ഞു എന്നത് ഒരു വസ്തുതയാണ്. കൂട്ടത്തിൽ ഈ അഗ്നിയെ കാണുകയുണ്ടായോ? ഹിജാസിൽനിന്ന് പുറപ്പെടുമെന്ന് പറഞ്ഞ ഈ അഗ്നി ഏതാണ്? മുസ്ലിം ജനസാമാന്യത്തിന് ഇങ്ങനെയൊരു ചിന്ത ആവശ്യമല്ലേ?

അത്ഭുതജീവിയാണ് ദാബ്ബത്തുൽ അർള്. നാല് കാൽ, കാളത്തല, ആനച്ചെവി, കലമാൻകൊമ്പ്, ഒട്ടകത്തിൻെറ കാൽ, പന്നിയുടെ കണ്ണ്, മെരുവിൻെറ അരക്കെട്ട്, കോലാടിൻെറ വാൽ, പക്ഷിയുടെ കൊക്ക്, പുള്ളിപ്പുലിയുടെ നിറം. ജീവിയെക്കുറിച്ച് ഇനിയൊരു വിശേഷണം വേണോ? അതൊരു നെടുനീളൻജീവിയാണ്. അത് സംസാരിക്കുന്നത് ഗുദം കൊണ്ട്. ആഹരിക്കുന്നത് വാ കൊണ്ടും.

ആരിതെന്ന് അമ്പരപ്പോടെ അന്വേഷിക്കുന്നവർക്ക് റസൂലുല്ലാഹി(സ.അ)യുടെ മുന്നറിയിപ്പ് അഗ്നിശോഭയുള്ള ഒരു സത്യമായി പരിണമിക്കുന്നു. ആ പുണ്യാത്മാവ് ഖിന്നചിത്തനായിക്കൊണ്ടരുൾചെയ്തു.

'ഭൂമിയിൽ ഒരുകാലം വരും. അന്ന് ആകാശത്തിനുകീഴിൽ ഏറ്റവും നികൃഷ്ടജീവി ഉലമാക്കളായിരിക്കും......"

ഗുദംകൊണ്ട് സംസാരിക്കുന്നവർ അവരല്ലാതെ മറ്റാര്? ഒട്ടകത്തിൻെറ കാലും പന്നിയുടെ കണ്ണും അവർക്കല്ലാതെ മറ്റാർക്ക്? അത് നെടുനീളൻജീവി തന്നെ! അത് സംസാരിക്കുന്നത് അറബിഭാഷയിൽതന്നെ! കാഫിറാക്കുന്ന ഫത്വയും, കലാപമുയർത്തുന്ന പ്രമേയങ്ങളും അറബിയിലല്ലാതെ മറ്റൊരു ഭാഷയിൽ കണ്ടതല്ലല്ലോ.

ഹസ്രത് അലി(റ)യിൽനിന്ന് നിവേദിതമായ അഭിപ്രായം എത്ര ശരി! ദാബ്ബത്തുൽ അർള് വാലുള്ള ജീവിയല്ല. താടിരോമമുള്ള ഒരു സത്വമായിരിക്കും. അതായത് മനുഷ്യൻ.

ഈ ജീവിയെക്കണ്ട് ഭൂമിലോകത്തുള്ളവരെല്ലാം ചുരുങ്ങിപ്പോകുമെന്നും ഞെരുങ്ങിയില്ലാതായിപ്പോകുമെന്നും ആരെങ്കിലും കരുതുന്നുണ്ടോ? അബൂജഹലും അവന്നൊപ്പം അക്കാലത്തെ സർവ്വവമ്പന്മാരും കൊമ്പുകുലുക്കിയിട്ടും റസൂലുല്ലാഹി(സ.അ) അജയ്യനായിത്തന്നെ മുന്നോട്ടുപോയില്ലേ? ഇസ്ലാമെന്ന സത്യവൃക്ഷത്തെ പിടിച്ചുകുലുക്കാൻ,

Scanned with CamScanner

ഉലച്ചുതാഴത്തിടാൻ ജഹലിന്നോ ലഹബിന്നോ കഴിഞ്ഞോ? ഭീഷണിയും ഏഷണിയും നടന്നില്ല അവിടെ.

ഗുരുഭൂതനോട് നടക്കാതിരുന്നത് ശിഷ്യനോട് നടക്കുമെന്നാണോ? അദ്ദേഹം പറഞ്ഞു.

*ആഗ്സെ ഹമേ മത് ഡറാ.*
തി കാണിച്ച് നമ്മെ ഭീഷണിപ്പെടുത്താതിരിക്കൂ.

*ആഗ് ഹമാരി ഗുലാം ബൽകെ ഗുലാമോൻകീ ഗുലാം ഹയ്,*
തി നമ്മുടെ അടിമയാണ്. അടിമകളുടെ അടിമ!

അടിമകളെക്കാണിച്ച് ആരെങ്കിലും കലാപമുയർത്താറുണ്ടോ? കലാപത്തിൻെറ കൊടി താഴാനുള്ളതാണ്. വടിപൊട്ടാനുള്ളതും.

കൊടി താഴെത്തന്നേയല്ലേ ഇപ്പോൾ. 'ഹിജാസി'ൻെറ കൊടി അമേരിക്കയുടെ 'തൃപ്പാദങ്ങളി'ലായിട്ട് കാലമേറെയായില്ലേ? വടിയാണെങ്കിൽ എന്നേ അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു! അവർക്കില്ലാത്ത 'കൊടിയും വടിയും' ഇന്ന് മറ്റാർക്കുണ്ട്?

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒരു ചെടിയായിരുന്നു! ദാബ്ബത്തുൽ അർള് പുറപ്പെടുമ്പോൾ അത് വളരുകയായിരുന്നു. ഇപ്പോൾ അതൊരു വൃക്ഷമാണ്. വൻവൃക്ഷം, വടവൃക്ഷം. അതിൻെറ ശാഖകൾ എത്താത്ത ഭൂമിദിക്കുകളില്ല. അതിൽ ചേക്കേറാത്ത രാജ്യവാസികളില്ല. അഭയം നൽകിക്കൊണ്ട് അതിൻെറ ചില്ലകൾ ഉയരത്തിൽ സമാധാനഗീതകമാലപിക്കുന്നു!

ദാബ്ബത്തുൽ അർളെന്ന താടിരോമമുള്ള ജന്തു, താടിരോമത്തിൻെറ പ്രാകൃതസ്വഭാവങ്ങളുമായി അഹ്മദിയ്യാ ജമാഅത്തിനെ വേട്ടയാടുന്നു. അനിവാര്യമായ ഒരു ദൃഷ്ടാന്തമാണിത്. ആ ദൃഷ്ടാന്തത്തിന് സാക്ഷിനിന്ന ഈ നൂറ്റാണ്ട് യഥാർത്ഥത്തിൽ സാക്ഷിനിന്നത് റസൂലുല്ലാഹി(സ)യുടെ ദീർഘവീക്ഷണത്തിനാണ്.

ഇനിയും പ്രവചനത്തിൻെറ പൊരുളന്വേഷിക്കുന്ന മനുഷ്യരോട് ഇതാ കാലത്തിൻെറ ഇമാമിൻെറ ശബ്ദം:-

> *"ദാബ്ബത്തുൽ അർള് എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഇക്കാലത്തെ ദുഷിച്ച മതപണ്ഡിതന്മാരാണ്. അവർ വാക്കാൽ തിരുനബി(സ) സത്യറസൂലാണെന്നും ഖുർആൻ സത്യമതഗ്രന്ഥമാണെന്നും പറയുന്നതോടെതന്നെ കുപ്രവർത്തനം നടത്തുകയും ദജ്ജാലിനു ഭൃത്യവേലചെയ്കയും ചെയ്യുന്നു. അവരുടെ അസ്തിത്വംതന്നെ രണ്ടംശങ്ങൾ അടങ്ങിയതുപോലെയത്രേ. ഒരംശം ഇസ്ലാമിൻെറ വശത്തും മറ്റൊരംശം 'കുഫ്റി'ൻെറ പക്ഷത്തിലുമാണ്. അവരുടെ വാക്കുകൾ വിശ്വാസികളുടേതുപോലിരിക്കുമെങ്കിലും ചെയ്തികൾ അവിശ്വാസികളുടേതുപോലിരിക്കും. അവസാനകാലത്ത്*

Scanned with CamScanner

*അവർ എണ്ണത്തിൽ വളരെ അധികമുണ്ടായിരിക്കുമെന്നും റസൂലുല്ലാഹ്(സ) നമുക്ക് അറിവുതന്നിരിക്കുകയാണ്. അവർക്ക് 'ദാബ്ബത്തുൽ അർള്' (ഭൗമികജീവി!) എന്നു പേരുവെക്കാൻ കാരണം അവർ ഭൗമികേച്ഛകളിൽ പറ്റിപ്പിടിച്ചിരിക്കുമെന്നതുതന്നെയാണ്. അവർ ആകാശത്തിലേക്ക് (ആത്മീയതയിലേക്ക്) ഉയർത്തപ്പെടാൻ ആഗ്രഹിക്കുന്നില്ല; ഭൗതികലോകവും അതിൻെറതായ അഭിലാഷങ്ങളുംകൊണ്ട് അവർ സംതൃപ്തരായിരിക്കയാണ്. മാനുഷികഹൃദയം അവർക്കില്ല. അവരിൽ ദുഷ്ടജന്തുക്കളുടെയും പന്നികളുടെയും സ്വഭാവസമ്പ്രദായങ്ങൾ സമ്മേളിച്ചിരിക്കുകയാണ്. തങ്ങൾ ആകാശത്തെ പ്രാപിക്കുകയും സ്പർശിക്കുകയും ചെയ്തുവെന്ന് നടിക്കുമാറ് അവർ അഹങ്കാരികളും അഹംബുദ്ധികളുമായി കാണപ്പെടുന്നു. ഇങ്ങനെ, ഭൗതികതയിൽ പറ്റിപ്പിടിച്ചിരിക്കയാൽ അവരുടെ കാലുകൾ ഭൂമിയിൽനിന്ന് വേർപെടുന്നില്ല. ആ നിലപാടിൽ അവർ ബന്ധനസ്ഥരെപ്പോലെയത്രേ. വായകൊണ്ടല്ലാ, ഗുദംകൊണ്ടാണവർ സംസാരിക്കുക. അതായത് അവരുടെ സംസാരത്തിൽ സാത്വികന്മാരുടെ സംസാരത്തിലെന്നപോലെ പരിശുദ്ധിയും നന്മയും ഉണ്ടായിരിക്കയില്ല" (ഹമാമത്തുൽബുശ്റാ.142).*

* * * * * * *.

'ദാബ്ബത്തുൽ അർള്' എന്ന മഹത്തായ പ്രവചനത്തിൻെറ വിശദീകരണമാണ് ഈ ലഘുപുസ്തകം. ഇതെഴുതിയത് മൗലവി മുഹമ്മദ് അബുൽ വഫാ സാഹിബ്. 1974ൽ സത്യദൂതനിൽ പ്രസിദ്ധീകരിച്ച ഒരു ലേഖന പരമ്പരയുടെ ക്രോഡീകരണമാണിത്. ദീർഘകാലം അഹ്മദിയ്യാ ജമാഅത്തിൻെറ മുബല്ലിഗായി സേവനമനുഷ്ഠിച്ച പണ്ഡിതനാണ് മൗലവി അബുൽ വഫാ സാഹിബ്. ഇപ്പോഴുമദ്ദേഹം സേവനത്തിൻെറ പാതയിൽതന്നെ.

മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി പ്രസിദ്ധീകരിക്കുന്ന ഈ ലഘുപുസ്തകം സത്യാന്വേഷികൾക്ക് വഴികാട്ടിയായി മാറട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

കണ്ണൂർ, പ്രസാധകർ:
5-2-1998. മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി

Scanned with CamScanner

M. P. IBRAHIM

# 'ദാബ്ബത്തുൽ അർള്' പുറപ്പെട്ടു !

വിശുദ്ധഖുർആനിലും തിരുനബിവചനങ്ങളിലും നിരവധി പ്രവചനങ്ങൾ കാണാം. അവയിൽ പലതും നബിതിരുമേനി(സ)യുടെ കാലത്ത്തന്നെ പൂർത്തിയായവയാണ്. മറ്റുപലതും പല കാലങ്ങളിലായി പൂർത്തിയായിക്കൊണ്ടിരുന്നവയും. ഇക്കാലത്തും ഒട്ടധികം പ്രവചനങ്ങൾ പൂർത്തിയായിരിക്കുന്നു. വിശേഷിച്ചും, അവസാനകാലത്തെ അടയാളങ്ങളായി പറയപ്പെട്ടിട്ടുള്ള 'ദജ്ജാലി'ൻെറ പുറപ്പാട്, വാഗ്ദത്ത മഹ്ദീമസീഹിൻെറ ആഗമനം, 'യഅ്ജൂജ് മഅ്ജൂജി'ൻെറ പരാക്രമങ്ങൾ മുതലായവയെ സംബന്ധിച്ച മഹത്തായ പ്രവചനങ്ങൾ സ്പഷ്ടമായ നിലയിൽ പൂർത്തിയായിക്കഴിഞ്ഞു. അപ്പോലെ മറ്റൊരു പ്രവചനംകൂടി ഇക്കാലത്തുതന്നെ പുലരേണ്ടതുണ്ടായിരുന്നു. അത് 'ദാബ്ബത്തുൽഅർള്'നെ കുറിച്ചുള്ളതാണ്. ആ പ്രവചനവും ഇതാ സുവ്യക്തം നിവൃത്തിയായിരിക്കുന്നു!

'ദാബ്ബത്തുൽ അർള്' എന്നാൽ ഒരു ഭയങ്കര സത്വമാണെന്നത്രേ പൊതുവെ മുസ്ലിംകൾ ധരിച്ചുവശായിരിക്കുന്നത്! ഇതു സംബന്ധിച്ചുള്ള വാർത്താനിവേദനങ്ങളുടെ ബാഹ്യപ്രകൃതി അതങ്ങനെതന്നെയാണെന്നു ദ്യോതിപ്പിക്കുന്നതുമാണ്. എന്നാൽ പ്രവചനങ്ങളുടെ പൂർത്തീകരണം പലപ്പോഴും മതാനുയായികളുടെ മുൻവിധിയോ ധാരണയോ അനുസരിച്ചും ബാഹ്യാർത്ഥത്തിലും അല്ല സംഭവിക്കുന്നത് എന്ന തത്ത്വം നാം മനസ്സിലാക്കേണ്ടതുണ്ട്. പ്രവാചകൻ തനിക്ക് സിദ്ധിക്കുന്ന ദിവ്യവെളിപാടിൻെറയോ ദർശനത്തിൻെറയോ അടിസ്ഥാനത്തിലാണ് പ്രവചനംചെയ്യുന്നത്. അത് മിക്കവാറും അലങ്കാരോക്തിയിലായിരിക്കുന്നതുമാണ്. ചിലപ്പോൾ അത് സ്വപ്നസാക്ഷാൽക്കാരത്തിൻെറ രൂപത്തിലായിരിക്കും പുലരുക. യഥാർത്ഥരൂപം നമുക്ക് ഗ്രാഹ്യമാകുന്നത് പ്രവചനം സംഭവിച്ചു കഴിയുമ്പോഴായിരിക്കും.

'ദാബ്ബത്തുൽ അർളി'നെപ്പറ്റി ഖുർആനിൽ വന്നിട്ടുള്ള പ്രവചനം ഇപ്രകാരമാണ്:-

وَإِذَا وَقَعَ الْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ دَابَّةً مِّنَ
الْأَرْضِ تُكَلِّمُهُمْ أَنَّ النَّاسَ كَانُوا بِآيَاتِنَا لَا يُوقِنُونَ ۝

*"(ശിക്ഷയെക്കുറിച്ചുള്ള) അരുളപ്പാട് അവരിൽ പുലർന്നാൽ*

*അവർക്കായി അവരോട് സംസാരിക്കുന്ന ഒരു ജന്തുവിനെ ഭൂമിയിൽനിന്ന് നാം പുറപ്പെടുവിക്കും; എന്തെന്നാൽ മനുഷ്യർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവരായിരിക്കുകയാണ്." (27:83).*

സഹീഹുമുസ്ലിം, സുനനുബ്നുമാജഃ മുതലായ ഹദീസു ഗ്രന്ഥങ്ങളിലും ദാബ്ബത്തുൽഅർളിൻെറ പുറപ്പാടിനെപ്പറ്റി പ്രവചനം കാൺമാനുണ്ട്. അത് അവസാന നാളിൻെറ ഒരടയാളമായിട്ടാണ് പറയപ്പെട്ടിട്ടുള്ളത്. മാത്രമല്ല, ഈ 'ദാബ്ബത്തി'നെപ്പറ്റി സഹാബാക്കളിൽനിന്നുള്ള പല പ്രസ്താവനകളും നിവേദനങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. ചുരുക്കം ചിലത് താഴെ ചേർക്കുന്നു:

'ദാബ്ബത്തുൽ അർള്' ഒരത്ഭുതജീവിയാണ്. പരുക്കൻ രോമങ്ങളും മൃദുരോമങ്ങളും തൂവലുകളും നാലുകാലുമുള്ള ഒരു ജന്തു! അതിന് കാളത്തലയും ആനച്ചെവികളും കലമാൻ കൊമ്പുകളും (ഒരു രിവായത്ത്പ്രകാരം രണ്ടുകൊമ്പുകൾക്കിടയിലുള്ള വിടവ് മൂന്നു നാഴിക!) ഒട്ടകപ്പക്ഷിയുടെ കഴുത്തും സിംഹത്തിൻെറ നെഞ്ചും ഒട്ടകത്തിൻെറ കാലും പന്നിയുടെ കണ്ണും, മെരുവിൻെറ അരക്കെട്ടും കോലാടിൻെറ വാലും പക്ഷിയുടെ കൊക്കും പുള്ളിപ്പുലിയുടെ നിറവും (മറ്റൊരു രിവായത്തുപ്രകാരം എല്ലാ നിറങ്ങളും ഉണ്ടായിരിക്കും) അത് അറബിഭാഷയിൽ ജനങ്ങളോട് സംസാരിക്കും. അതിൻെറ ശബ്ദം ഭൂലോകമാകെ കേൾക്കുന്നതായിരിക്കും. (വേറൊരു രിവായത്തിൽ മൂന്നുപ്രാവശ്യം അതട്ടഹസിക്കും. ആ ശബ്ദം ഭൂമിയിലുള്ളവരെല്ലാം കേൾക്കും.) ആ സത്വത്തെ എത്തിപ്പിടിക്കാനോ അതിൽനിന്നു ഓടിരക്ഷപ്പെടാനോ ആർക്കും സാധിക്കയില്ല. അതൊരു നെടുനീളൻ ജന്തുവാണ്. (മറ്റൊരു രിവായത്ത് പ്രകാരം അതിൻെറ നീളം 60 മുഴമാണ്). അതിൻെറ സന്ധുക്കൾക്കിടയിലുള്ള അകലം പന്ത്രണ്ടു മുഴമായിരിക്കും; തല ആകാശം തൊടുന്നു എങ്കിലും കാലുകൾ ഭൂതലത്തിൽ ഊന്നിയിരിക്കും. ഭൂമിയുടെ കിഴക്കെ അറ്റത്തും, പടിഞ്ഞാറെ അറ്റത്തും ഇരിക്കുന്നവരും നിൽക്കുന്നവരുമായ എല്ലാവരും ഒരേസമയം അതിനെ കാണുമാറാകും. അത് വായിലൂടെ ഭക്ഷിക്കുമെങ്കിലും ഗുദംകൊണ്ടായിരിക്കും സംസാരിക്കുക. അതിൻെറ വശം മൂസാനബി(അ)യുടെ വടിയും സുലൈമാൻ നബി(അ)യുടെ മോതിരവും ഉണ്ടായിരിക്കും. അത് വിശ്വാസിയെയും അവിശ്വാസിയെയും വേർതിരിച്ചു അടയാളപ്പെടുത്തും. വിശ്വാസിയുടെ നെറ്റിയിൽ 'വിശ്വാസി' എന്നും അവിശ്വാസിയുടെ നെറ്റിയിൽ 'കാഫിർ' എന്നും അത് എഴുതി മുദ്രകുത്തും. അപ്പോൾ വിശ്വാസിയുടെ മുഖം കൂടുതൽ പ്രകാശിക്കുകയും അവിശ്വാസിയുടെത് പൂർ

Scanned with CamScanner

വ്വാധികം ഇരുണ്ടുപോവുകയും ചെയ്യും. അങ്ങനെ 'വിശ്വാസി' എന്നും 'അവിശ്വാസി' എന്നും വകതിരിച്ചു സംബോധന ചെയ്യപ്പെടുകയും ചെയ്യും. ആ ജീവിയുടെ (ദാബ്ബത്തുൽ അർളിൻെറ) മുഖം മനുഷ്യൻെറതുപോലെ ആയിരിക്കുമെന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഇങ്ങനെ വിവിധരൂപങ്ങൾ സമ്മേളിച്ചിട്ടുള്ള ഒരു മഹാസത്വമാണ് 'ദാബ്ബത്തുൽ അർള്' എന്ന് നിവേദനങ്ങളിൽ നിന്നു സ്പഷ്ടമാകുന്നു. ഇബ്നുഅബ്ബാസ്, അബൂഹുറയ്റ, ഇബ്നുഉമർ, ഹുദൈഫാ, അംറുബ്നുൽആസ്, ഇബ്നുസുബൈർ, ഹസ്രത്ത് അലി മുതലായ പുണ്യസഹാബാക്കൾ ഇതുസംബന്ധിച്ചു നിവേദനം ചെയ്കയും അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർക്കിടയിൽ ഭിന്നാഭിപ്രായമുണ്ടായിട്ടുമുണ്ട്.

ഈ ദാബ്ബത്തുൽഅർള്കൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഒരു അത്ഭുതസത്വമാണെന്നാണ് പൊതുവെയുള്ള ധാരണ. രിവായത്തുകളുടെ ബാഹ്യരൂപം ദ്യോതിപ്പിക്കുന്നതും അതുതന്നെയാണ്. എന്നാൽ ഇതിൻെറ വിവക്ഷിതം ഒരു മനുഷ്യനാണെന്ന അഭിപ്രായക്കാരും സഹാബാക്കളിൽ ഉണ്ടായിരുന്നു. അല്ല, അതൊരു സമൂഹമാണെന്നു ചിലരും, മനുഷ്യക്കോലത്തിലുള്ള ദുഷ്ടജന്തുക്കളാണെന്നു മറ്റുചിലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

## പുറപ്പാട് മക്കയിൽനിന്ന്

മാത്രമല്ല, ദാബ്ബത്തുൽ അർള് പുറപ്പെടുന്ന സ്ഥലത്തെപ്പറ്റിയും പലവിധത്തിലുള്ള അഭിപ്രായങ്ങളും പല രിവായത്തുകളിലായി പ്രസ്താവിക്കപ്പെട്ടുകാണാം. അത് മക്കയിൽനിന്ന് പുറപ്പെടുമെന്നാണ് പ്രബലമായ പക്ഷം. മക്കയിലെ മസ്ജിദുൽഹറാമിൽ നിന്നാണെന്നും, അതല്ല അതിന്നടുത്ത ഒരു വിജനസ്ഥലത്തുനിന്നായിരിക്കുമെന്നും ചില നിവേദനങ്ങളിൽ കാണുന്നു. ഒരു രിവായത്തിൽ മക്കയിലെ 'സഫാ'കുന്നിൽ നിന്നായിരിക്കും അത് പുറപ്പെടുക എന്നും പറയപ്പെട്ടിട്ടുണ്ട്! സുനനുബ് നുമാജ' എന്ന ഹദീസുഗ്രന്ഥത്തിൽ ഉള്ള ഒരു ഹദീസ് ഇപ്രകാരമാണ് – "ബുറൈദ എന്ന സഹാബിയിൽനിന്ന് അദ്ദേഹത്തിൻെറ മകൻ അബ്ദുല്ല, നിവേദനം ചെയ്യുന്നു: റസൂൽ തിരുമേനി(സ) ഒരിക്കൽ എന്നെ മക്കയ്ക്കടുത്തുള്ള ഒരു വിജനസ്ഥലത്തു കൂട്ടിക്കൊണ്ടുപോയി. അവിടെ ചുറ്റുപാടും മണൽപ്രദേശമാണ്. *'ദാബ്ബത്ത്' ഈ സ്ഥലത്തുനിന്നാണ് പുറപ്പെടുക എന്നു റസൂൽതിരുമേനി(സ) എന്നോടു പറഞ്ഞു."* (ഇബ്നുമാജഃ ഭാ. 305).

Scanned with CamScanner

ഈ പ്രവചനത്തെക്കുറിച്ചുള്ള രിവായത്തുകളിലും അതിന്റെ വിവക്ഷയെപ്പറ്റിയുള്ള വ്യാഖ്യാനങ്ങളിലും ചില വൈരുദ്ധ്യങ്ങൾ കാൺമാനുണ്ടെങ്കിലും, *'സംസാരിക്കുന്ന ഒരു ദാബ്ബത്തുൽ അർളി'*ന്റെ പുറപ്പാടിനെ സംബന്ധിച്ചു വിശുദ്ധഖുർആനിലും വിശ്വാസയോഗ്യമായ ഹദീസുകളിലും പറയപ്പെട്ടിരിക്കയാൽ നമുക്കത് നിഷേധിക്കാൻ സാധ്യമല്ല. ഇനി അതുകൊണ്ടുള്ള വിവക്ഷ എന്താണെന്നും, ഈ പ്രവചനം എങ്ങനെ പുലർന്നുവെന്നുമാണ് ഇവിടെ ചിന്തിക്കേണ്ടിയിരിക്കുന്നത്.

## താടിരോമമുള്ള മനുഷ്യജന്തു!

പ്രവചനങ്ങളുടെ യാഥാർത്ഥ്യം അവ സംഭവിക്കുമ്പോഴാണ് മനസ്സിലാവുക. 'ദജ്ജാലി'ന്റെ പുറപ്പാടിനെപ്പറ്റിയുള്ള പ്രവചനംതന്നെ ഇതിന്നൊരു ഉദാഹരണമാണ്. ദജ്ജാലിനെ ഒരു മനുഷ്യമഹാസത്വമായാണ് നബിതിരുമേനി(സ) ദർശനത്തിൽ കണ്ടത്. അതിന്റെ വിവക്ഷിതം ഒരു സമൂഹം അഥവാ ഒരു പ്രസ്ഥാനം ആണെന്നത് തെളിഞ്ഞിട്ടുള്ളതാണ്. എന്നാൽ, ദാബ്ബത്തുൽ അർളിനെ നബിതിരുമേനി(സ) ദർശിച്ചത് അത്ഭുതാകൃതിയിലുള്ള ഒരു മഹാസത്വമായിട്ടാണെന്നു മേലുദ്ധരിച്ച രിവായത്തുകളാൽ വ്യക്തമാകുന്നു. ഈ വർണ്ണന ബാഹ്യാർത്ഥത്തിൽ നിവൃത്തിയാകാവതല്ലെന്നത് സ്പഷ്ടമാണ്. നാം ഇക്കാര്യത്തിൽ പൂർവ്വപണ്ഡിതന്മാരെ കണ്ണടച്ചു വിശ്വസിക്കുന്നില്ലെങ്കിലും അവരുടെ ചില പ്രസ്താവനകളും വ്യാഖ്യാനങ്ങളും യാഥാർത്ഥ്യം ഗ്രഹിക്കുന്നതിന് നമുക്ക് സഹായകങ്ങളാകുന്നു.

അല്ലാമ റാഗിബുൽ ഇസ്ഫഹാനി തന്റെ 'മുഫ്റദാത്ത്' എന്ന ഗ്രന്ഥത്തിൽ മേലുദ്ധരിച്ചിട്ടുള്ള ആയത്തിലെ 'ദാബ്ബത്ത്' എന്ന പദത്തെക്കുറിച്ച് പരാമർശിക്കവെ ഇപ്രകാരം പറഞ്ഞിരിക്കുകയാണ്.

*"അത് നമുക്ക് അപരിചിതമായ രൂപത്തിലുള്ള ഒരു ജന്തുവാണെന്നും ലോകാവസാനത്തോടുകൂടിയാണ് അതു പുറപ്പെടുകയെന്നും പറയപ്പെടുന്നു. അതല്ലാ, അതിന്റെ വിവക്ഷിതം അജ്ഞതകൊണ്ട് മൃഗതുല്യമായിരിക്കുന്ന ഒരുതരം ദുഷ്ടസമൂഹമാണെന്നും അഭിപ്രായമുണ്ട്."* അപ്പോൾ 'ദാബ്ബത്ത്' ശബ്ദം മനുഷ്യനുൾപ്പെടെ എല്ലാ ജീവികളെയും കുറിച്ചു പറയാവുന്ന ഒരു സമൂഹനാമമാണെന്നുവരുന്നു.

ഈ പദത്തിന്റെ വ്യാപകാർത്ഥത്തിൽ മനുഷ്യനും ഉൾപ്പെടുന്നതാണെന്നു പ്രസ്തുതഗ്രന്ഥത്തിൽ ഒന്നിലധികം ആയ

Scanned with CamScanner

ത്തുകൾ ഉദ്ധരിച്ചുകൊണ്ടു അല്ലാമ: റാഗിബ് തെളിയിച്ചിട്ടു മുണ്ട്.

മൗലവി സനാഉല്ലാ സാഹിബ് തൻെറ 'തഫ്സീറെസനാഈ' എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ആയത്തിൻെറ വ്യാഖ്യാനമായി 'മആലിമുത്തൻസീൽ' എന്ന തഫ്സീറിനെ അടിസ്ഥാനമാക്കി ഇങ്ങനെ പറയുന്നു:-

*"ഈ ദാബ്ബത്തിനെപ്പറ്റി പലവിധ അഭിപ്രായങ്ങളുമുണ്ടായിട്ടുണ്ട്. അവയധികവും അതിശയോക്തിമയമാണ്. ഈ വിഷയകമായി ഹസ്രത്ത് അലി(റ)യിൽനിന്ന് നിവേദിതമായ അഭിപ്രായമാണ് ഏറെ പൊരുത്തമായിട്ടുള്ളത്. ആ 'ദാബ്ബത്ത്' വാലുള്ള ജീവിയല്ല, താടിരോമമുള്ള ഒരു സത്വമായിരിക്കുമെന്നത്രേ അത്. അതായത് മനുഷ്യൻതന്നെ."*

'ദാബ്ബത്ത്' എന്ന വാക്കിനുള്ള സാമാന്യാർത്ഥം ജന്തു എന്നാണെങ്കിലും, ചിലപ്പോൾ മനുഷ്യനെക്കുറിച്ചും ഈ പദം ഉപയോഗിക്കാറുണ്ട്. ഖുർആനിൽ, 16:61, 34:14, 8:23, 8:56 എന്നീ ആയത്തുകളിൽ ഈ പദം മനുഷ്യനെകുറിച്ചു തന്നെയാണ് പ്രയുക്തമായിരിക്കുന്നത്. അതനുസരിച്ചു 'ദാബ്ബത്തുൽഅർള്' എന്നാൽ 'ഭൗമികജീവി' അതായത്, ഭൗതികേച്ഛകളിൽ മുഴുകിയ മനുഷ്യൻ, എന്ന് അർത്ഥം വിവക്ഷിക്കുന്നത് തികച്ചും സംഗതമാണ്.

## പ്രവചനത്തിൻെറ പൊരുൾ

വാഗ്ദത്തമഹ്ദിയും മസീഹുമായ ഹ: മിർസാ ഗുലാം അഹ്മദ് (അ) ഇപ്രകാരം പറയുന്നു:

*"ദാബ്ബത്തുൽ അർള് എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഇക്കാലത്തെ ദുഷിച്ച മതപണ്ഡിതന്മാരാണ്. അവർ വാക്കാൽ തിരുനബി(സ) സത്യറസൂലാണെന്നും ഖുർആൻ സത്യമതഗ്രന്ഥമാണെന്നും പറയുന്നതോടെതന്നെ കുപ്രവർത്തനം നടത്തുകയും ദജ്ജാലിനു ഭൃത്യവേലചെയ്കയും ചെയ്യുന്നു. അവരുടെ അസ്തിത്വംതന്നെ രണ്ടംശങ്ങൾ അടങ്ങിയതുപോലെയത്രേ. ഒരംശം ഇസ്ലാമിൻെറ വശത്തും മറ്റൊരംശം 'കുഫ്റി'ൻെറ പക്ഷത്തിലുമാണ്. അവരുടെ വാക്കുകൾ വിശ്വാസികളുടേതുപോലിരിക്കുമെങ്കിലും ചെയ്തികൾ അവിശ്വാസികളുടേതുപോലിരിക്കും. അവസാനകാലത്ത് അവർ എണ്ണത്തിൽ വളരെ അധികമുണ്ടായിരിക്കുമെന്നും റസൂലുല്ലാഹ്(സ) നമുക്ക് അറിവുതന്നിരിക്കുകയാണ്. അവർക്ക് 'ദാബ്ബത്തുൽ അർള്' (ഭൗമികജീവി!) എന്നു പേരുവെക്കാൻ കാരണം അവർ ഭൗമികേച്ഛകളിൽ പറ്റിപ്പിടിച്ചിരിക്കുമെന്നതുതന്നെയാ*

Scanned with CamScanner

*ണ്. അവർ ആകാശത്തിലേക്ക് (ആത്മീയതയിലേക്ക്) ഉയർത്തപ്പെടാൻ ആഗ്രഹിക്കുന്നില്ല; ഭൗതികലോകവും അതിൻെറതായ അഭിലാഷങ്ങളുംകൊണ്ട് അവർ സംതൃപ്തരായിരിക്കയാണ്. മാനുഷിക ഹൃദയം അവർക്കില്ല. അവരിൽ ദുഷ്ടജന്തുക്കളുടെയും പന്നികളുടെയും സ്വഭാവസമ്പ്രദായങ്ങൾ സമ്മേളിച്ചിരിക്കുകയാണ്. തങ്ങൾ ആകാശത്തെ പ്രാപിക്കുകയും സ്പർശിക്കുകയും ചെയ്തുവെന്ന് നടിക്കുമാറ് അവർ അഹങ്കാരികളും അഹംബുദ്ധികളുമായി കാണപ്പെടുന്നു. ഇങ്ങനെ, ഭൗതികതയിൽ പറ്റിപ്പിടിച്ചിരിക്കയാൽ അവരുടെ കാലുകൾ ഭൂമിയിൽനിന്ന് വേർപെടുന്നില്ല. ആ നിലപാടിൽ അവർ ബന്ധനസ്ഥരെപ്പോലെയത്രേ. വായകൊണ്ടല്ലാ, ഗുദംകൊണ്ടാണവർ സംസാരിക്കുക. അതായത് അവരുടെ സംസാരത്തിൽ സാത്വികന്മാരുടെ സംസാരത്തിലെന്നപോലെ പരിശുദ്ധിയും നന്മയും ഉണ്ടായിരിക്കയില്ല" (ഹമാമത്തുൽബുശ്റാ.142).*

ഇവിടെ ഒരു കാര്യം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. ദജ്ജാലിൻെറ പുറപ്പാട്, യഅ്ജൂജ് മഅ്ജൂജിൻെറ ആക്രമണങ്ങൾ, പശ്ചിമദിക്കിൽനിന്നുള്ള സൂര്യോദയം മുതലായ സംഭവങ്ങളെക്കുറിച്ച പ്രവചനങ്ങളുടെ കൂട്ടത്തിൽതന്നെയാണ് ദാബ്ബത്തുൽ അർളിൻെറ പുറപ്പാടിനെ സംബന്ധിച്ചും നബിതിരുമേനി(സ) പറഞ്ഞിട്ടുള്ളതെന്ന് 'സഹീഹുമുസ്ലിമി'ൽ ഉദ്ധരിക്കപ്പെട്ട ഒരു ഹദീസ് വ്യക്തമാക്കിത്തരുന്നു. അതിനാൽ ഈ ദാബ്ബത്തിൻെറ പുറപ്പാട് വാഗ്ദത്തമസീഹിൻെറ ആഗമനവുമായി ബന്ധപ്പെട്ടതാണെന്നു മനസ്സിലാകുന്നു. ഇതു സംബന്ധിച്ചു ഇമാംമഹ്ദി(അ) പറയുന്നതു കാണുക:

*"ഖുർആനിൽനിന്നു വ്യക്തമായി മനസ്സിലാകുന്നത് ജനങ്ങൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്ന കാലത്ത് ഒരു ആത്മീയഗുരു ഉണ്ടായിരിക്കുമെന്നാണ്. എന്തെന്നാൽ 'വഖഅൽ കൗലു അലയ്ഹിം' എന്ന വാചകം മനസ്സിലാക്കിത്തരുന്നത് ജനങ്ങളിൽ ന്യായം പൂർത്തിയായ ശേഷമാണ് ഈ ശിക്ഷ ഉണ്ടായിരിക്കേണ്ടതെന്നത്രേ. ദൈവന്യായം ലോകത്ത് നിറവേറുന്നതിന് വേണ്ടി വാഗ്ദത്തമസീഹ് വെളിപ്പെടുന്ന അവസാനകാലത്തായിരിക്കും ദാബ്ബത്തുൽ അർള് പുറപ്പെടുക എന്നത് ഏകകണ്ഠമായ ഒരു വിശ്വാസമാണ് (നുസൂലുൽ മസീഹ്).*

## റാബിത്ത എന്ന ദാബ്ബത്ത്

ഹസ്രത്ത് അഹ്മദുൽഖാദിയാനി(അ) താൻ ഈ സമുദാ

Scanned with CamScanner

യത്തിനു വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിമസീഹാണെന്നു ദൈവകൽപനയനുസരിച്ചു പ്രഖ്യാപിച്ചപ്പോൾ ഒരുകൂട്ടം മതപണ്ഡിതന്മാർ അദ്ദേഹത്തെ കാഫിർ (അവിശ്വാസി) എന്നും മുർത്തദ്ദ് (മതത്യാഗി) എന്നും അധിക്ഷേപിച്ചുകൊണ്ട് ഫത്ത്വകൾ (മതവിധി) പ്രസിദ്ധീകരിക്കുകയുണ്ടായി. 1891-ൽ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും 200 പണ്ഡിതന്മാരും ചേർന്നാണ് ആദ്യമായി കുഫ്റ് ഫത്ത്വാ പുറപ്പെടുവിച്ചത്. തുടർന്ന് പല ദിക്കുകളിലെയും പണ്ഡിതന്മാർ ഇത്തരം ഫത്ത്വകൾ ആവർത്തിച്ചുപോന്നു. ഒരു മുസ്ലിമിനെ 'കാഫിർ' എന്നു പറയുന്നതാരോ അവൻതന്നെയായിരിക്കും കാഫിർ ആയിത്തീരുക എന്നു മുഹമ്മദുനബി(സ) തിരുമേനിയുടെ വിധിയെ അവർ വകവെച്ചില്ല. ഇസ്ലാമിൻെറ പുനരുദ്ധാരണത്തിന്നായി അല്ലാഹു നിയോഗിച്ചയച്ച ഒരു മഹാത്മാവിനെപ്പറ്റി ആ പണ്ഡിതന്മാർ അധിക്ഷേപിക്കുക മാത്രമല്ല അറബി, ഉർദു, ഫാർസി, പഞ്ചാബി എന്നീ ഭാഷകളിൽ ചീത്തപറയാൻ ഉപയോഗിക്കാറുള്ള എല്ലാ വാക്കുകളും പ്രയോഗിച്ചുകൊണ്ട് അദ്ദേഹത്തെ നിന്ദിക്കുകയുമുണ്ടായി. അങ്ങനെയുള്ള പണ്ഡിതന്മാരെ കുറിച്ചാണ് ദാബ്ബത്തുൽ അർളിൻെറ സാക്ഷാൽക്കാരമെന്നു ഹസ്രത്ത് ഇമാംമഹ്ദി(അ) പറഞ്ഞിരിക്കുന്നത്. ആ പണ്ഡിതന്മാരുടെ കുഫ്ർവിധികളുടേയും എതിർവേലകളുടേയും ശക്തിയും വ്യാപ്തിയും കാലക്രമത്തിൽ കൂടിക്കൂടിവന്നു. പക്ഷെ അവരുടെ വിദ്ധ്വംസകപ്രവർത്തനങ്ങളുടെ ഫലമായി ദൈവികപ്രസ്ഥാനമായ അഹ്മദിയ്യാ ജമാഅത്തിനു ഒരു കോട്ടവും സംഭവിച്ചില്ല; മറിച്ച് ലോകത്ത് കൂടുതൽ പ്രചാരവും വളർച്ചയുമാണുണ്ടായത്. അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഇന്ന് ജമാഅത്ത് ഒരു അജയ്യപ്രസ്ഥാനമായിവളർന്നിരിക്കുകയാണ്. ഇതുകണ്ട് സഹിവരാത്ത അസൂയാലുക്കളായ മതപണ്ഡിതന്മാർ ഇപ്പോൾ എതിർപ്പിനു പുതിയ ചില മാർഗ്ഗങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. തങ്ങളുടെ കാഫിറാക്കൽ സംരംഭത്തിനു അവർ ഒരു രാഷ്ട്രാന്തരീയവേദിയുണ്ടാക്കിയിരിക്കയാണ്. അങ്ങനെ ദാബ്ബത്തുൽ അർളിനെ സംബന്ധിച്ച പ്രവചനം അതിൻെറ എല്ലാ വശങ്ങളിലൂടെയും സ്പഷ്ടമായ നിലയിൽ പൂർത്തിയായിരിക്കുന്നതു ഇപ്പോഴാണ്. അതായത് 1974 ഏപ്രിൽമാസം 19-ന് 'റാബിത്തത്തുൽ ആലമിൽ ഇസ്ലാമ്യ'യുടെ ആഭിമുഖ്യത്തിൽ മക്കായിൽ ചേർന്ന സമ്മേളനം ഈ പ്രവചനത്തെ തികച്ചും സാക്ഷാൽകരിച്ചിരിക്കുന്നു. ദാബ്ബത്തുൽ അർളിൻെറ പുറപ്പാട് മക്കയിൽനിന്നായിരിക്കുമെന്നു-അഥവാ അതു പുറപ്പെടുന്ന പ്രധാനസ്ഥലം മക്കയായിരിക്കുമെന്നു-പ്രവചനത്തിൽ പറയപ്പെട്ട സംഗതി പ്രത്യേകം അനുസ്മരണീയമാണ്.

Scanned with CamScanner

ദജ്ജാലിനെ സംബന്ധിച്ച പ്രവചനങ്ങളിൽ അത് ചർച്ചിൽനിന്നു പുറപ്പെടുന്നതായിരിക്കുമെന്നാണ് പറയപ്പെട്ടിട്ടുള്ളത്. അപ്രകാരംതന്നെ ദജ്ജാൽ ക്രിസ്തീയ സമുദായത്തിൽനിന്നു പുറപ്പെടുകയും ചെയ്തു. എന്നാൽ ദാബ്ബത്തുൽ അർളിനെപ്പറ്റി അത് മക്കയിലെ മസ്ജിദുൽ ഹറാമിൽനിന്നു അഥവാ അതിൻെറ പരിസരത്തുനിന്നു പുറപ്പെടുമെന്നാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. അതനുസരിച്ച് മുസ്ലിം സമുദായത്തിൽനിന്നു മക്കയിൽവെച്ചുതന്നെ ആ ദാബ്ബത്തുൽഅർള് പുറപ്പെട്ടിരിക്കുകയാണ്. അങ്ങനെ പ്രവചനം അർത്ഥത്തിലും അക്ഷരത്തിലും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു!

## റാബിത്ത - വിശ്വാസികളേയും അവിശ്വാസികളേയും വേർതിരിക്കുന്നു

ഇമാം മഹ്ദിയെ കാഫിറാക്കി മുദ്രകുത്തുകയും അഹ്മദിയ്യാ പ്രസ്ഥാനത്തെ അന്യായമായി എതിർക്കുകയും ചെയ്കയെന്നത് കഴിഞ്ഞ എൺപത് വർഷമായി നടന്നുവരുന്നതാണെങ്കിലും ഈ കുപ്രചാരണങ്ങൾക്ക് രാഷ്ട്രാന്തരീയമായ ഒരു വേദിയോ ലോകകേന്ദ്രമോ ഉണ്ടായിരുന്നില്ല. അതിപ്പോൾ റാബിത്തത്തുൽ ആലമിൽ ഇസ്ലാമി (മുസ്ലിം വേൾഡ് ലീഗ്) മുഖേന സ്ഥാപിതമായിക്കഴിഞ്ഞു. ഇതിൻെറ സ്ഥാപനം പന്ത്രണ്ട് കൊല്ലം മുമ്പാണ് നടന്നത്. പാക്കിസ്ഥാനിലെ അബുൽഅഅ്ലാമൗദൂദി, ഇന്ത്യയിലെ അബുൽഹസൻഅലിനദ്വി, ഈജിപ്തിലെ ഹസനൈൻ മഖലൂഫ എന്നിവരാണ് സ്ഥാപകനേതാക്കന്മാരിൽ പ്രധാനികൾ. ഈ മൂന്നുപേരും അഹ്മദിയ്യാ വിരുദ്ധപ്രവർത്തനങ്ങളിൽ കുപ്രസിദ്ധിനേടിയവരാണ്. മൗദൂദിസാഹിബ് ഇതിനുമുമ്പും 'റാബിത്താ' സമ്മേളനങ്ങളിൽ ഒന്നിലധികം പ്രാവശ്യം അഹ്മദിയ്യാ വിരോധപരാമർശങ്ങൾ നടത്തിയതായി റിപ്പോർട്ടുണ്ടായിരുന്നു. അഹ്മദികൾക്കെതിരിൽ ചില പ്രമേയങ്ങൾ പാസ്സാക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ അവയ്ക്ക് ലോകത്ത് പ്രസിദ്ധിയും പ്രാധാന്യവും ലഭിച്ചിരുന്നില്ല. ഇപ്പോൾ മേൽപറഞ്ഞ സമ്മേളനം മുഖേന അത് സാധിച്ചിരിക്കുകയാണ്.

മക്കയിൽ വിളിച്ചുകൂട്ടിയ പ്രസ്തുത സമ്മേളനത്തെപ്പറ്റി 'പ്രബോധനം' റിപ്പോർട്ട് ചെയ്തിരിക്കുന്നതാണിത്:-

"ഈ (ഏപ്രിൽ) മാസം 6-ാംനു മുതൽ 10-ാംനുവരെ മക്കയിൽ ചേർന്ന ഇസ്ലാമിക സംഘടനകളുടെ അന്താരാഷ്ട്രസമ്മേളനം ഇസ്ലാമികനവോത്ഥാനത്തിൻെറ ചരിത്രത്തിൽ സുപ്രധാനമായൊരു നാഴികക്കല്ലായി ഗണിക്കപ്പെടും. ചരിത്രത്തിൽ ഇദംപ്രഥമ

Scanned with CamScanner

മായി നടന്ന ഈ സംരംഭത്തിനുനേതൃത്വം വഹിച്ചത് മക്കയിലെ മുസ്ലിം വേൾഡ് ലീഗായിരുന്നു....... ८० രാഷ്ട്രങ്ങളിൽനിന്നായി ക്ഷണിക്കപ്പെട്ട മുസ്ലിം പത്രപ്രതിനിധികളടക്കം 140 ഇസ്ലാമിക സംഘടനകളുടെ 500 ഓളം പ്രതിനിധികൾ സംബന്ധിക്കുകയുണ്ടായി." (പ്രബോധനം വാരിക, 1974 ഏപ്രിൽ 27).

## ചരിത്രപ്രധാനമായ സമ്മേളനം

ഈ സമ്മേളനം ചരിത്രപ്രധാനമായ ഒന്നാണെന്നു പറയപ്പെടുന്നുവെങ്കിൽ അത് വാസ്തവം തന്നെ. എന്തെന്നാൽ, അല്ലാഹു ദീനുൽഇസ്ലാമിൻെറ സംരക്ഷണത്തിനും, അവൻെറ റസൂലായ മുഹമ്മദ്നബി(സ) തിരുമേനിയുടെ സേവനത്തിനുമായി നിയോഗിച്ച ഇമാം മഹ്ദി(അ)യെ കാഫിറെന്നും വ്യാജവാദിയെന്നും കൃത്രിമക്കാരനെന്നും മാത്രമല്ല, അദ്ദേഹത്തിൻെറ ജമാഅത്തിനെ തകർക്കേണമെന്നും ഐകകണ്ഠേന പാസ്സാക്കുന്ന ഒന്നാമത്തെ ലോകസമ്മേളനമാണത്. അതുകൊണ്ടുതന്നെയാണ് ഈ സമ്മേളനം മുഖേന നബിതിരുമേനി(സ) പ്രവചിച്ച ദാബ്ബത്തുൽ അർളിൻെറ പുറപ്പാട് സംഭവിച്ചിരിക്കുന്നു എന്നു പറയുന്നത്. ആ യോഗത്തിൽ അഹ്മദിയ്യാപ്രസ്ഥാനത്തെയും തൽസ്ഥാപകരെയുംകുറിച്ച് ഐകകണ്ഠേന പാസ്സാക്കിയ പ്രമേയത്തിലെ ഉള്ളടക്കം കള്ളവും കറ്റുകെട്ടും അക്രമപ്രേരകവും അനിസ്ലാമിക ദുർബ്ബോധനവും മാത്രമാണെന്ന വസ്തുത പരിഗണിക്കുമ്പോൾ കാര്യം കൂടുതൽ വ്യക്തമാകുന്നു. ഉദാഹരണമായി, അഹ്മദിയ്യാ പ്രസ്ഥാനം "ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ വളർത്തുപുത്രിയാണ്." "അതു ഖുർആനെ മാറ്റിമറിക്കുന്നു." "ജിഹാദിനെ നിഷേധിക്കുന്നു." "മുസ്ലിംസമുദായത്തിൻെറ പ്രശ്നങ്ങളെ വഞ്ചിക്കുന്നു" "സാമ്രാജ്യത്വത്തിനും സിയോണിസത്തിനും അരുനിൽക്കുന്നു" "ഇസ്ലാമിൻെറ വിരുദ്ധശക്തികളുമായി പരസ്പരം സഹായിക്കുകയും ഇസ്ലാമിൻെറ വിശ്വാസങ്ങളെ മാറ്റിമറിക്കുവാനും ഉന്മൂലനം ചെയ്‌വാനും ഈ ശക്തികളുമായി കൂട്ടുചേരുകയും ചെയ്യുന്നു." "ഇസ്ലാമിക വിരുദ്ധശക്തികളെ വളർത്തുന്ന പിളർപ്പൻ പദ്ധതികൾ പരിശീലിപ്പിക്കുകയും പഠനം നടത്തുകയും ചെയ്യുന്നു", എന്നിങ്ങനെയുള്ള കരിങ്കള്ളങ്ങളും കറ്റുകെട്ടുകളുമാണ് നഊദുബില്ലാഹ് (ലഅ്നത്തുല്ലാഹി അലൽകാദിബീൻ) പ്രമേയത്തിലെ ഒരുഭാഗം. അഹ്മദികളെ എല്ലാ ശക്തിയുമുപയോഗിച്ച് ഉപരോധിക്കണമെന്നും അവരുമായി ക്രയവിക്രയം നടത്തരുതെന്നും സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും അവരെ ബഹിഷ്കരിക്കണമെന്നും അഹ്മദികളുടെ എല്ലാ സ്ഥാപനങ്ങളും ഏർ

Scanned with CamScanner

പ്പാടുകളും സ്വത്തുക്കളും ബലമായി പിടിച്ചെടുക്കണമെന്നും പ്രസ്തുത പ്രമേയം മുസ്ലിംകളോട് ഉൽബോധിപ്പിക്കുന്നു. ഇങ്ങനെ തികച്ചും അക്രമപരവും അനിസ്ലാമികവുമായ ആശയങ്ങളാണ് ആ പ്രമേയത്തിലെ ഉള്ളടക്കം. ദാബ്ബത്തുൽ അർള് ഗുദംകൊണ്ടാണ് സംസാരിക്കുക എന്ന പ്രവചനം എത്ര ഭംഗിയിൽ പൂർത്തിയായിരിക്കുന്നു എന്നു നോക്കുക! ദുഷിച്ചുനാറിയ സംസാരമാണ് അവരുടേത് എന്ന് ഇത്രയുംകൊണ്ട് സ്പഷ്ടമായല്ലൊ.

## ആകാശത്തിങ്കീഴിൽ നികൃഷ്ടന്മാർ

ഇക്കാലത്തെ മതപണ്ഡിതന്മാരെപ്പറ്റി, അവർ ആകാശത്തിൻ കീഴിലുള്ളവരിൽവച്ച് ഏറ്റവും വലിയ ഉപദ്രവകാരികൾ ആയിരിക്കുമെന്ന് റസൂൽ തിരുമേനി(സ) അരുൾചെയ്ത പ്രവചനവും ഈ അവസരത്തിൽ സ്മർത്തവ്യമാണ്. പ്രവാചകന്മാരുടെ അനന്തരാവകാശികളാണ് തങ്ങളെന്നവകാശപ്പെടുന്ന ഇവർ തങ്ങളുടെ ദുഷ്ചെയ്തികൾ നിമിത്തം ഇസ്ലാമിൻെറ മുഖത്ത് കരി തേക്കുകമാത്രമല്ല, അതിനെ കുഴിച്ചുമൂടാൻതന്നെ ശ്രമിച്ചിരിക്കയാണ്.

'ദാബ്ബത്തുൽഅർളി'ൻെറ പുറപ്പാട് ഒരു ശിക്ഷ അഥവാ ശിക്ഷയുടെ മുന്നോടി ആണെന്നു മുമ്പുദ്ധരിച്ച ഖുർആൻവാക്യം മനസ്സിലാക്കിത്തരുന്നു. വാസ്തവത്തിൽ ഈ പണ്ഡിതന്മാരുടെ പുറപ്പാട് മുസ്ലിം സമുദായത്തിനു ഒരു ശിക്ഷതന്നെയാണെന്നതിൽ സംശയമില്ല. സമുദായത്തിൻെറ ഉന്നമനത്തിനും അഭ്യുദയത്തിനും പണ്ഡിതന്മാരാണ് വഴികാണിക്കേണ്ടത്.

മറിച്ച്, അവർ ദുഷിച്ച് അധർമ്മികളും സ്വാർത്ഥികളും ആയിത്തീർന്നിരിക്കയാൽ സമുദായത്തിൻെറ അധഃപതനത്തിന് കാരണക്കാരാവുകയാണ് ചെയ്തിരിക്കുന്നത്. യഹൂദർ ദൈവശിക്ഷയ്ക്ക് പാത്രീഭൂതരാകാൻ കാരണം അവരുടെ മതപണ്ഡിതന്മാരായിരുന്നുവല്ലൊ. അതുപോലെ ഈ പണ്ഡിതന്മാരുടെ ആവിർഭാവം മുസ്ലിംസമുദായത്തിനു ഒരു ശിക്ഷയാണെന്നു പറയുന്നത് തികച്ചും സംഗതം തന്നെയാണ്. അവർ മതപരമായ അഭിപ്രായവ്യത്യാസം കാരണമായിമാത്രം നിരപരാധികളായ ഒരു ബലഹീനന്യൂനപക്ഷത്തെ മൃഗീയമായനിലയിൽ ആക്രമിക്കുവാനും വർഗ്ഗനാശം വരുത്തുവാനും ഭൂരിപക്ഷത്തെ പ്രേരിപ്പിച്ചുകൊണ്ട് ദൈവശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

## ദാബ്ബത്തിൻെറ പ്രധാന കൃത്യം

'ദാബ്ബത്തുൽ അർള്' പുറപ്പെട്ടാൽ അത് വിശ്വാസിയെയും അവി

ശ്വാസിയെയും . വേർതിരിച്ച് അടയാളപ്പെടുത്തുമെന്നും നെറ്റിയിൽ വിശ്വാസി-അവിശ്വാസി എന്നു രേഖപ്പെടുത്തുമെന്നും അങ്ങനെ വിശ്വാസിയെന്നു അടയാളപ്പെടുത്തപ്പെട്ടവർ ആഹ്ലാദഭരിതരായി ഭവിക്കുകയും അവിശ്വാസിയെന്ന് അടയാളപ്പെടുത്തപ്പെട്ടവർ ദുഃഖാർത്തരായിരിക്കുമാറ് അപ്രസന്നരായിരിക്കുമെന്നും പ്രവചനങ്ങളിൽ പറയപ്പെട്ടത് പ്രത്യേകം ശ്രദ്ധാർഹമായിട്ടുള്ളതാണ്. എന്തെന്നാൽ മേൽപ്പറഞ്ഞ റാബിത്താ സമ്മേളനം മുഖേന ഈ സംഗതിയും പൂർത്തിയായിരിക്കയാണ്. പ്രസ്തുത സമ്മേളനത്തിൽ അഹ്മദീ മുസ്ലിംകൾ അവിശ്വാസികളാണെന്നു ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ളതാണല്ലൊ. അതു മുഴുവൻ ലോകത്തെക്കൊണ്ടും അംഗീകരിപ്പിക്കാനായി ഈ പണ്ഡിതന്മാർ ഇപ്പോൾ 'ഒരു കുരിശുയുദ്ധ'ത്തിനുതന്നെ പുറപ്പെട്ടിരിക്കുകയുമാണ്. പാക്കിസ്ഥാനിൽ ഇപ്പോൾ നടക്കുന്ന അഹ്മദിയ്യാ വിരുദ്ധകലാപം മുൻപറഞ്ഞ പ്രമേയത്തിൻെറയും അതിൻെറ വക്താക്കളായ പണ്ഡിതന്മാരുടെ ദുർബോധനയുടെയും ദുരന്തഫലമാണ്.

## സംശയ നിവാരണം

'ദാബ്ബത്തുൽ അർള്' വിശ്വാസിയേയും അവിശ്വാസിയേയും വേർതിരിച്ചു അടയാളപ്പെടുത്തുമെന്നു പ്രവചനത്തിൽ പറയപ്പെട്ടിരിക്കയാണല്ലൊ. ഇപ്പോൾ കാഫിർ (അവിശ്വാസി)കൾ എന്ന് വിധിച്ചിട്ടുള്ളത് അഹ്മദികളെപ്പറ്റി ആയിരിക്കുകയാൽ പ്രവചനം പുലർന്നു എന്നു സമ്മതിക്കുന്നപക്ഷം അഹ്മദികൾ അവിശ്വാസികളാണെന്നു സമ്മതിക്കേണ്ടിവരികയില്ലേ എന്നൊരു സംശയം ഉണ്ടാകാം. അതിനെപ്പറ്റി ഹസ്രത്ത് അഹ്മദ്(അ) പറയുകയാണ്:-

*"ഒരാൾ ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കയുണ്ടായി. ദാബ്ബത്തുൽ അർള് എന്നാൽ ഇക്കാലത്തെ ഒരു വിഭാഗം പണ്ഡിതന്മാരാണെന്നത് സത്യമാണെങ്കിൽ അവരുടെ കാഫിറാക്കലും പരമാർത്ഥമാണെന്നു വരുമല്ലോ. എന്തെന്നാൽ, വിശ്വാസിയേയും അവിശ്വാസിയേയും അടയാളപ്പെടുത്തി വേർപെടുത്തുകയാണ് ദാബ്ബത്തുൽ അർളിൻെറ പ്രത്യേകകൃത്യമായി പറയപ്പെട്ടിരിക്കുന്നത്. അപ്പോൾ ഈ ദാബ്ബത്ത് ആരെ കാഫിറാക്കുന്നുവോ അയാൾ വാസ്തവത്തിൽ കാഫിറാണെന്നു നിങ്ങളും (അതായത് അഹ്മദികളും) സമ്മതിക്കേണ്ടിവരും. എന്തെന്നാൽ കാഫിറാക്കൽ ദാബ്ബത്തുൽ അർളിൽനിന്നുള്ള അടയാളപ്പെടുത്തലിൻെറ പ്രതീകാത്മക പ്രക്രിയയാണ്-ഇതാണ് ആക്ഷേപം. ഇതിനു മറുപടി പറയാം. അടയാളപ്പെടുത്തുമെന്ന് പറഞ്ഞതിൻെറ വിവക്ഷ കാഫിറിൻെറ*

Scanned with CamScanner

കുഫ്റും 'മുഅ്മിനി'ൻെറ 'ഈമാനും' വെളിപ്പെടുത്തുമെന്നാണ്. ഈ വെളിപ്പെടുത്തൽ രണ്ടുപ്രകാരത്തിലാകാം. അത് ചിലപ്പോൾ വാക്കുകൊണ്ടായിരിക്കും; ചിലപ്പോൾ പ്രവൃത്തികൾകൊണ്ടും അവയുടെ ഫലംകൊണ്ടുമായിരിക്കും. അല്ലാഹു അവൻെറ പ്രവാചകന്മാരുടെയും ഔലിയാക്കളുടെയും ഈമാനിൻെറ പ്രകാശം വെളിപ്പെടുത്തുന്നതിനു ചിലപ്പോൾ അവിശ്വാസികളെയും അധർമ്മികളെയും കാരണക്കാരാക്കാറുണ്ട്. നമ്മുടെ യജമാനരായ മുഹമ്മദ്നബി(സ)യുടെ സ്ഥിതിയെപ്പറ്റി ചിന്തിക്കുക. ആ തിരുമേനിയുടെ സത്യം വെളിപ്പെടുന്നതിനും അദ്ദേഹത്തിൻെറ ഈമാനിൻെറ പ്രകാശനത്തിനും അബൂജഹ്ലും സിൽബന്ധികളും എങ്ങനെ കാരണക്കാരായി എന്നുനോക്കുക. അബൂജഹ്ലും മറ്റു ശത്രുക്കളും ഇല്ലായിരുന്നെങ്കിൽ മുഹമ്മദീസത്യത്തിൻെറ പ്രകാശധോരണിയുടെ പലവശങ്ങളും ഗുപ്തകോടിയിൽ തങ്ങിപ്പോയേനെ. അല്ലാഹു തൻെറ ഒരു പ്രവാചകൻെറ സത്യത മനുഷ്യരിൽ വെളിപ്പെടുത്താൻ ഉദ്ദേശിക്കുമ്പോൾ അദ്ദേഹത്തിനു ഭൂമിയിൽ അസൂയാലുക്കളായ ശത്രുക്കളെ ഉണ്ടാക്കുന്നു; അബൂജഹലിനെയും മറ്റു പിശാചുക്കളെയും ആക്കിയതുപോലെ. ആ ശത്രുക്കൾ എല്ലാ കുതന്ത്രങ്ങളും പ്രയോഗിച്ചു; എല്ലാവിധ ഉപദ്രവങ്ങളും അഴിച്ചുവിട്ടു. ആകാശത്തുനിന്നു ഇറങ്ങിയ പ്രകാശപൂരം ഊതിക്കെടുത്തിക്കളയാൻ അവർ കഴിവതും പരിശ്രമിച്ചു. എന്നാൽ, അവർ അതിൽ പരാജയപ്പെടുകയാണുണ്ടായത്. അങ്ങനെ, ശത്രുക്കൾ വെറുത്തിട്ടും സത്യംവെളിപ്പെടുകതന്നെ ചെയ്തു. അസത്യം അന്തർധാനം ചെയ്കയുമുണ്ടായി. അപ്പോൾ അബൂജഹലും അയാളെപ്പോലുള്ള മറ്റു ശത്രുക്കളും മുഹമ്മദ് മുസ്തഫ(സ)യുടെ സത്യതയും ഈമാനിക പ്രകാശവും വെളിപ്പെടാൻ കാരണക്കാരായിത്തീർന്നു എന്നു നമുക്ക് ന്യായമായും പറയാവുന്നതാണ്. അപ്രകാരംതന്നെ പിശാചിൻെറ പരിചാരികയായ 'ദാബ്ബത്തുൽഅർള്' – അഥവാ ദജ്ജാലിനെപ്പോലെ വായ്കൊണ്ട് സംസാരിക്കാതെ, ഗുദംകൊണ്ട് സംസാരിക്കുന്ന ആ സത്വം – 'വിശ്വാസി'യെ അടയാളപ്പെടുത്തുമെന്നു പറഞ്ഞതിൻെറ വിവക്ഷ അത് അതിൻെറ അകൃത്യങ്ങൾ മുഖേന വിശ്വാസിയുടെ ഈമാനിൻെറ പ്രകാശം വെളിപ്പെടുത്തുമെന്നാകുന്നു; ഖാത്തമുന്നബിയ്യീൻ ആയ റസൂലിൻെറ ഈമാനികപ്രകാശധോരണിയെ അബൂജഹ്ൽ വെളിപ്പെടുത്തിയതുപോലെ ('ഹമാമത്തുൽബുശ്റാ ഭാ. 143).

ദാബ്ബത്തുൽ അർളിൻെറ വശം മൂസാനബി(അ)യുടെ വടിയും സുലൈമാൻ നബിയുടെ മോതിരവും ഉണ്ടായിരിക്കും. എന്നു പ്രവചനത്തിൽ പറയപ്പെട്ടിട്ടുള്ളത് മുമ്പ് പ്രസ്താവിച്ചുവ

Scanned with CamScanner

ല്ലോ. ഇത് അക്ഷരാർത്ഥത്തിൽ സംഭവ്യമല്ലാത്തതിനാൽ വ്യാഖ്യാനാർത്ഥത്തിലാണ് പുലരേണ്ടിയിരിക്കുന്നത്. ഹസ്രത്ത് ഇമാം മഹ്ദി(അ) ഇതിനെപ്പറ്റി പ്രത്യേകമായൊന്നും പറഞ്ഞുകാണുന്നില്ല. എന്നിരുന്നാലും, അദ്ദേഹത്തിൻെറ മുമ്പുദ്ധരിച്ച വ്യാഖ്യാനത്തിൻെറ വെളിച്ചത്തിൽ ഇതിനും അർത്ഥം പറയാവുന്നതാണ്. ദാബ്ബത്തുൽ അർളിൻെറ സാക്ഷാൽക്കാരമായി ഭവിച്ചിട്ടുള്ള ഈ ദുഷ്ട പണ്ഡിതന്മാരുടെ വശം അടിസ്ഥാനപരമായ രണ്ടു പ്രമാണം – ഖുർആനും ഹദീസും – ഉണ്ടായിരിക്കുമെന്നാണിതിൻെറ താൽപര്യമെന്നു ന്യായമായും അനുമാനിക്കാവുന്നതാണ്. ഈ പണ്ഡിതന്മാർ പിഴച്ച ആദർശങ്ങൾക്കും അക്രമപരിപാടികൾക്കും ആധാരമെന്നോണം ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുദ്ധരിക്കുന്നത് അവരണ്ടും തന്നെയാണല്ലോ.

## സുലൈമാൻ നബിയുടെ മോതിരം

ഇതിനുംപുറമെ, സുലൈമാൻനബിയുടെ മോതിരം ദാബ്ബത്തുൽ അർളിൻെറ വശമുണ്ടാകുമെന്നതിനു ചില മുസ്ലിം ഭരണകൂടങ്ങളുടെ പിന്തുണയും സഹായവും ഇവർക്കുണ്ടായിരിക്കുമെന്നാണ് താൽപര്യമെന്നും ഗ്രഹിക്കാവുന്നതാണ്. മേൽപറഞ്ഞ റാബിത്താ സമ്മേളനത്തിനും അതിൻെറ തീരുമാനങ്ങൾക്കും ചില മുസ്ലിം ഗവൺമെൻറുകളുടെ പിന്തുണയും സഹായവും ഉണ്ടെന്നത് ഒരു പരമാർത്ഥമാണ്. സഊദി ഗവൺമെൻറ് റാബിത്തയുടെ രക്ഷാധികാരിയാണെന്നത് പ്രകടമായ വസ്തുതയത്രെ. പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തത് മക്കാ ഗവർണ്ണറായിരുന്നുവെന്നും, സഊദ് ഗവൺമെൻറിൻെറ നീതിന്യായവകുപ്പ് മന്ത്രിയാണ് ആദ്ധ്യക്ഷം വഹിച്ചതെന്നും, "കൃത്യാന്തരബാഹുല്യങ്ങൾ കാരണം സമ്മേളനത്തിൽ നേരിട്ട് സംബന്ധിച്ച് അതിഥികളെ സ്വാഗതം ചെയ്യുകയെന്ന സ്വന്തം ബാദ്ധ്യത നിർവ്വഹിക്കാൻ കഴിയാഞ്ഞതിൽ ഖേദം പ്രകടിപ്പിച്ചും സമ്മേളനത്തിന് ആശംസകൾ നേർന്നുകൊണ്ടും ഫൈസൽ രാജാവ് ഒരു കമ്പിസന്ദേശം അയക്കുകയുണ്ടായി" എന്നും, "സമ്മേളനം കൈക്കൊണ്ട തീരുമാനങ്ങൾ പിന്നീട് ഫൈസൽ രാജാവിൻെറ പരിഗണനക്കായി സമർപ്പിക്കപ്പെട്ടുവെന്നും ചെയ്തു. സമ്മേളനത്തിൻെറ എല്ലാ നിർദ്ദേശങ്ങളും പ്രയോഗവൽക്കരിക്കാൻ സഹായിക്കുന്നതാണെന്നു രാജാവ് വാഗ്ദാനം ചെയ്തു." (പ്രബോധനം വാരിക, 27-4-74) എന്നും ഉള്ള വസ്തുതകൾ ഇതിനു വ്യക്തമായ തെളിവാണ്.

മുമ്പുദ്ധരിച്ച ഖുർആൻ വാക്യത്തിലെ 'ദാബ്ബത്ത്' ശബ്ദംകൊണ്ടുള്ള വിവക്ഷിതം ഭൂമിയിൽനിന്നുത്ഭവിക്കുന്ന ഒരു പ്രത്യേക

Scanned with CamScanner

തരം. രോഗാണുവാണെന്നും തുകല്ലിമുഹും എന്ന വാക്യത്തി ൻെറ അർത്ഥം "അതു അവരെ വ്രണപ്പെടുത്തുന്നതാണ്" എന്നും പറയാറുണ്ട്. ശബ്ദാർത്ഥപ്രകാരം അത് ശരിയുംതന്നെ. ആധു നിക പണ്ഡിതന്മാരും ഇത് സമ്മതിക്കുന്നുണ്ട്. (ഈജിപ്തിൽനി ന്നു പ്രസിദ്ധീകരിച്ചിട്ടുള്ള 'ദായിറത്തുൽമആരിഫ്' എന്ന വിജ്ഞാന കോശം നോക്കുക). ഈ അർത്ഥവും പ്രസ്തുത ആയത്തിനു കൊ ടുക്കാവുന്നതാണെന്നും അതുപ്രകാരവും പ്രവചനം പുലർന്നിട്ടു ണ്ടെന്നും ഹസ്രത്ത് ഇമാം മഹ്ദി(അ) പറഞ്ഞിട്ടുണ്ട്. ആ മഹാത് മാവിൻെറ ജീവിതകാലത്ത് സത്യനിഷേധികൾക്ക് ഒരു ഭയങ്കര ദൈ വികശിക്ഷയായി നാടാകെ പരന്ന് ലക്ഷക്കണക്കിൽ മനുഷ്യജീവ നെ അപഹരിച്ച പ്ലേഗ്രോഗം മുഖേന അതു പൂർത്തിയായിക്കഴി ഞ്ഞിട്ടുള്ളതാണ്. ഹസ്രത്ത് ഇമാം മഹ്ദി(അ) തൻെറ 'നുസൂലുൽ മസീഹ്' എന്ന ഗ്രന്ഥത്തിൽ ഇതിനെപ്പറ്റി വിശദമായി വിവരിച്ചിട്ടു ണ്ട്. ദൈവികപ്രവചനത്തിനു ബഹുമുഖമായ അർത്ഥമുണ്ടാ കാം. എല്ലാ അർത്ഥത്തിലും അതു പുലരുകയും ചെയ്യും. വിശുദ്ധ ഖുർആനിൽതന്നെ ഇതിലേക്ക് വളരെ ഉദാഹരണങ്ങൾ കാണാം.

## ദുഷ്ടസമ്മേളനം

ഏതായാലും ഗുദംകൊണ്ടു സംസാരിക്കുന്ന ആ ഭൗമികസ ത്വം അതായത് ദുഷിച്ചുനാറിയ ആശയങ്ങൾ പ്രചരിപ്പിക്കുന്ന ആ ദുഷ്ടക്കൂട്ടം മക്കയെ കേന്ദ്രമാക്കിക്കൊണ്ടു പുറപ്പെടുമെന്നു പറയപ്പെട്ട പ്രവചനം മേൽപറഞ്ഞ സ്ഥാപനവും അതിൻെറ സമ്മേ ളനവും മുഖേന ഇപ്പോൾ വളരെ സ്പഷ്ടമായി പൂർത്തിയായിരി ക്കുകയാണ്. അവരുടെ ദുഷ്പ്രേരണകളുടെ ഫലമായി മനുഷ്യലോ കം നാളിതുവരെ കണ്ടിട്ടില്ലാത്ത മൃഗീയമായ തരത്തിലുള്ള മർദ്ദന ങ്ങളാണ് പാക്കിസ്ഥാനിൽ മതന്യൂനപക്ഷമായ അഹ്മദികൾക്കെ തിരിൽ അഴിച്ചുവിട്ടിരിക്കുന്നത്. കൊലയും കൊള്ളയും കൊള്ളി വെപ്പും മനുഷ്യനെ ജീവനോടെ കുഴിച്ചുമൂടലും കല്ലെറിഞ്ഞുകൊ ല്ലലും മണ്ണെണ്ണ ഒഴിച്ചുതീക്കൊളുത്തിക്കൊല്ലലും കണ്ണുചൂഴ്ന്നെടു ക്കലും നാവറുക്കലും കുഞ്ഞുങ്ങളെ നിലത്തെറിഞ്ഞു കൊല്ലലും പൈതങ്ങൾക്കുള്ള പാൽമുടക്കി പട്ടിണിക്കിട്ടു കൊല്ലലുമെല്ലാം പാക്കിസ്ഥാനിൽ ഈ റാബിത്താപക്ഷക്കാർ നടത്തിപ്പോരുന്നതു ഇസ്ലാമിൻെറ പേരിലാണെന്നതാണ് ഏറ്റവും വ്യസനാർഹമായിരി ക്കുന്നത്. ഇത്തരം മൃഗീയമായ ക്രൂരപരിപാടികൾ നടപ്പിൽവരുത്തു ന്നതിന് അവിടുത്തെ മൗദൂദികളും മറ്റുമാണ് നേതൃത്വം നൽകുന്ന ത്. റാബിത്താപ്രമേയത്തിൻെറ പ്രേരകന്മാരും അവർതന്നെ യാണ്.

Scanned with CamScanner

ഇത്തരം അക്രമങ്ങളാൽ ദൈവികപ്രസ്ഥാനമായ അഹ്മദിയ്യാ ജമാഅത്തിനെ ഉന്മൂലനംചെയ്തുകളയാമെന്നാണ് ഇക്കൂട്ടർ വ്യാമോഹിക്കുന്നത്. അതവർക്കു ഒരിക്കലും സാദ്ധ്യമാകയില്ല. ഇസ്ലാമിൻെറ രക്ഷാധികാരിയായി സർവ്വശക്തനായ അല്ലാഹു നിയോഗിച്ചിട്ടുള്ള ഇമാം മഹ്ദി(അ)യുടെ ഈ ജമാഅത്തിനെ അവർക്ക് ഒരിക്കലും നശിപ്പിക്കാൻ കഴിയുകയില്ല; പരാജയപ്പെടുത്താനും സാധ്യമല്ല. മറിച്ച്, അഹ്മദിയ്യത്തിൻെറ ശത്രുക്കളായിരിക്കും മുമ്പെന്നപോലെ ഇപ്പോഴും പരാജയപ്പെടുക, തീർച്ചയാക്കപ്പെട്ട കാര്യമാണത്.

هَلْ تَطْمَعُ الدُّنْيَا مِذَلَّةَ صَادِقٍ هَيْهَاتَ ذَاكَ تَخَيُّلُ السُّفَهَاءِ

*"ഒരു സത്യവാനെ ലോകം അപമാനിക്കാമെന്നു വ്യാമോഹിക്കുന്നുവോ? അതു സംഭവ്യമല്ല; അത് വിഡ്ഢികളുടെ ഭാവനയത്രെ." (ഇമാംമഹ്ദി).*

## ഹിജാസിൽനിന്ന് ഒരഗ്നിജ്വാല

പ്രസ്തുത പ്രവചനത്തോടു താൽപര്യത്തിൽ സാദൃശ്യമുള്ള മറ്റൊരു പ്രവചനം കൂടിയുണ്ട്. അതിപ്രകാരമാണ്:

لَا تَقُومُ السَّاعَةُ حَتَّى تَخْرُجَ نَارٌ مِنْ أَرْضِ الْحِجَازِ

"ഹിജാസ് ഭൂമിയിൽനിന്ന് ഒരഗ്നി പുറപ്പെടുന്നതുവരെ ലോകാവസാനമുണ്ടാവുകയില്ല." (ബുഖാരി-മുസ്ലിം).

സഊദി അറേബ്യായിലെ ഒരു സംസ്ഥാനമാണ് ഹിജാസ്. മക്കായും മദീനയും അതിൽപ്പെട്ടതാണ്.

പ്രസ്തുത 'അഗ്നി' നബിതിരുമേനി(സ) ദർശനത്തിൽ കണ്ടതായിരിക്കണമല്ലോ. മറ്റു പല പ്രവചനങ്ങളുമെന്നപോലെ ഇതും അലങ്കാരാർത്ഥത്തിലായിരിക്കണം. യഥാർത്ഥത്തിൽ പ്രവചിക്കപ്പെട്ട ഈ തീ ഹിജാസിൽനിന്ന് അഥവാ ഹിജാസിൻെറ ഹൃദയമായ മക്കായിൽനിന്നു പുറപ്പെട്ടത് ഇപ്പോഴാണ്. അത് മേൽപ്പറഞ്ഞ റാബിത്താപ്രമേയമല്ലാതെ മറ്റൊന്നുമല്ല.

മിക്കവാറുമെല്ലാ ഭാഷാ സാഹിത്യങ്ങളിലും യുദ്ധം, കലാപം, ഏഷണി മുതലായവയെ അഗ്നിയോട് സാദൃശ്യപ്പെടുത്തുകയും അവയെപ്പറ്റി അഗ്നിയെന്നു വിശേഷിപ്പിക്കുകയും ചെയ്യാറുണ്ടല്ലോ. ഈ വിദ്വേഷാഗ്നി ഇപ്പോൾ പാക്കിസ്ഥാനിലാണ് അതിൻെറ മുഴുവൻ ശക്തിയോടെ ആളിപ്പടർന്നു പിടിച്ചിരിക്കുന്നത്. ഇതിനെ ഊതിക്കത്തിച്ചവരിൽ ഏറ്റവും വലിയ നേതാവ് മൗദൂദി

സാഹിബ് തന്നെയാണ്, അദ്ദേഹം പണ്ടേ ആസൂത്രണം ചെയ്ത പരിപാടി ഇരുപതുകൊല്ലംമുമ്പ് (1953-ൽ) നടപ്പിൽവരുത്താൻ ശ്രമിച്ചു. അതിന്നായി അദ്ദേഹം ഭയങ്കരമായ ഒരു തീ ഊതിക്കത്തിക്കയും ചെയ്തു. അതായിരുന്നു പാക്കിസ്ഥാനിലെ അന്നത്തെ അഹ്മദിയ്യാ വിരുദ്ധകലാപം. എന്നാൽ, അല്ലാഹുവിൻെറ 'ഫയർ ബ്രിഗേഡ്' വന്ന് ആ തീ കെടുത്തിക്കളഞ്ഞു! മൗദൂദി സാഹിബ് വീണ്ടും ഊതിക്കത്തിക്കാൻ പലവുരു ശ്രമിച്ചുനോക്കിയെങ്കിലും അതെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഒടുവിൽ അദ്ദേഹവും കൂട്ടുകാരും മക്കായിൽ സ്ഥാപിച്ച 'റാബിത്ത' മുഖേന കത്തിച്ച തീ – ഇപ്പോഴത്തെ അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭം-പാക്കിസ്ഥാനിൽ അതിഭയങ്കരമായി പടർന്നുപിടിച്ചിരിക്കയാണ്. ഇതിൻെറ പിന്നിൽ ഹിജാസിലെ ഭരണാധികാരികളുടെ പരിപൂർണ്ണമായ പിന്തുണയും പ്രേരണയും ധനസഹായവും ഉണ്ടെന്നാണ് പത്രറിപ്പോർട്ടുകളിൽ കാണുന്നത്.

അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ജ്വലിപ്പിക്കപ്പെട്ട ഈ പ്രക്ഷോഭാഗ്നി എത്രനാൾ കത്തിക്കൊണ്ടിരിക്കുമെന്നോ ഇനി വേറെ ഏതെല്ലാം രാജ്യത്തിലേയ്ക്ക് വ്യാപിക്കുമെന്നോ പറയാൻ സാധ്യമല്ല. എന്നാൽ ഒരുകാര്യം ഉറപ്പിച്ചുപറയാം. ഇമ്മാതിരി അക്രമപ്രക്രിയകളാലൊന്നും ദൈവികമായ ഈ ജമാഅത്തിനെ കരിച്ചുകളയാമെന്ന് ആരും വ്യാമോഹിക്കേണ്ടതില്ല. അല്ലാഹു നിയോഗിച്ചയച്ച വാഗ്ദത്ത മഹ്ദീമസീഹായ ഹസ്രത്ത് അഹ്മദിനുണ്ടായ ഒരു ദിവ്യവെളിപാടിൽ പറയുന്നു:-

"ആഗ്സേ ഹമേ മത് ഡറാ! ആഗ് ഹമാരീ ഗുലാം ബൽക്കെ ഗുലാമോൻകീ ഗുലാം ഹൈെയ്

(തീകൊണ്ടു നമ്മെ ഭീഷണിപ്പെടുത്താതിരിക്കൂ, തീ നമ്മുടെ അടിമയത്രേ. അത് നമ്മുടെ അടിമകളുടെയും അടിമയത്രേ).

തീ കത്തിക്കുന്നവരെ തീ തന്നെ നശിപ്പിച്ചുകൊള്ളും. അതു സംഭവിക്കാനിരിക്കുന്നു! ●

Scanned with CamScanner

## A Prophecy explained

Here is an exposition of a prophecy made by the Holy Prophet of Islam (S.A) on the appearence of a fabulous creature called Dabat-ul-Arl' that is 'a creature of the earth' in the later days. The prophecy has been explained literally by the Ulema (religions scholers in Islam) that led to the rejection of it as mere superstition by the rationalists.

Then came the Promised Messiah, Hazrat Mirza Ghulam Ahmad (A) - the Holy Founder of the Ahmadiyya Movement who received heavenly guidance on its true interpretation. It is this interpretation that is being expounded in this Booklet by the learned author, Molvi Mohammed Abul Wafa Sahib, a Stalwart missionary who has dedicated his whole life to the service of Islam.

Publisher,
**Majlis Ansarullah Samsthana Samathi**

Ansar 2/2000/98

Scanned with CamScanner